"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം - കോർട്ട് ഓഫീസർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീ. അജയൻ വൈ-യുടെ (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, കേരള ഹൈക്കോടതി) അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2519/2025/LSGD തീയതി,തിരുവനന്തപുരം, 17-10-2025

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. സ.ഉ.(പി) നം.580/2013/ധന തീയതി 28.11.2013.
3. സ.ഉ.(സാധാ) നം. 1768/2021/തസ്വഭവ തീയതി 16.09.2021.
4. സ.ഉ.(സാധാ) നം.2631/2022/തസ്വഭവ തീയതി 29.10.2022.
5. സ.ഉ.(സാധാ) നം.2108/2023/തസ്വഭവ തീയതി 28.10.2023.
6. സ.ഉ.(സാധാ) നം.2055/2024/തസ്വഭവ തീയതി 29.10.2024.
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 18.07.2025-ലെ എ1/1409/2021/ഒബിഡിഎൻ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. കേരള ഹൈക്കോടതിയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ.അജയൻ.വൈ-യെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ കോർട്ട് ഓഫീസർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയും, പരാമർശം (4), (5) (6) എന്നിവ പ്രകാരം ടിയാന്റെ അന്യത്രസേവനം 30.09.2025 വരെ ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. ശ്രീ.അജയൻ. വൈ-യുടെ അന്യത്രസേവന കാലാവധി 30.09.2025-ന് അവസാനിച്ചതിനാലും ഒരു വർഷത്തേക്കു കൂടി ടിയാനെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കുന്നതിന് തടസ്സമില്ലായെന്ന് ബഹു.കേരള ഹൈക്കോടതി അറിയിച്ചിട്ടുള്ള സാഹചര്യത്തിലും ടിയാന്റെ അന്യത്രസേവന കാലാവധി 01.10.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി പരാമർശം (7) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ കോർട്ട് ഓഫീസർ തസ്തികയിലെ ശ്രീ.അജയൻ.വൈ-യുടെ (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, കേരള ഹൈക്കോടതി) അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾ ഭാഗം ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1),(2) ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01.10.2025 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം. തിരുവനന്തപുരം.

ശ്രീ.അജയൻ.വൈ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം മുഖാന്തിരം).

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA4/126/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 17-10-2025 14:13:33

സെക്ഷൻ ഓഫീസർ